തിരഞ്ഞെടുത്ത ഔഷധ
സസ്യങ്ങളെക്കുറിച്ചുള്ള ദേശീയ
പ്രചാരണം

# അശ്വഗന്ധ

## "ആരോഗ്യ പോഷണി"






പ്രാദേശിക – പരിപോഷണ കേന്ദ്രം (ദക്ഷിണ മേഖല)

ദേശീയ ഔഷധസസ്യ ബോർഡ്

കേരള വനഗവേഷണ സ്ഥാപനം

പീച്ചി, 680 653, കേരളം, ഇന്ത്യ

## ആമുഖം



പ്രകൃതി നമുക്ക് വേണ്ടതെല്ലാം നൽകുന്നുണ്ട്. പ്രകൃത്യാ ഉള്ളതെന്തും ഏറെ വിശേഷപ്പെട്ടതാണ്. ഔഷധങ്ങൾ പ്രത്യേകിച്ച്.

ഗന്ധം തിരിച്ചറിവിൻെറ ആദ്യ പാഠങ്ങളിൽ ഒന്നാണ്. കണ്ടും കേട്ടും മണത്തുമെന്നത് പഴമക്കാരുടെ ഭാഷ്യം. സസ്യങ്ങളെ പേരിട്ടു അടയാളപ്പെടുത്തുമ്പോൾ ഗന്ധത്തിന് മുൻതൂക്കം നൽകി മുഖ്യസ്ഥാനം ലഭിച്ച ചെടികളിൽ ഒന്നാണ് അശ്വഗന്ധ. ഇത് അമുക്കുരം അഥവ ഇന്ത്യൻ ജിന്സെങ് എന്നും അറിയപ്പെടുന്നു. ഇംഗ്ലീഷിൽ ഇത് വിതാനിയ സോംനിഫെറ (*Withania somnifera*) എന്നാണ് അറിയപ്പെടുന്നത്. വാണിജ്യപരമായി പ്രാധാന്യമുള്ള ഈ സസ്യം ഏകദേശം ബിസി 3000 മുതൽ ഔഷധമായി ഉപയോഗിച്ച് വരുന്നുണ്ട്. ചരക സംഹിതയിൽ, ഇതിൻറെ ഗന്ധത്തെ കുറിച്ച് (അശ്വ എന്നാൽ കുതിര) പരാമർശിക്കുന്നുണ്ട്. അമുക്കുരം ഹൃദയത്തെയും നാഡികളെയും തലച്ചോറിനെയും ഉത്തേജിപ്പിക്കുന്നു. ഓർമശക്തി, ആസ്ത്മ, ചുമ, ജലദോഷം, പ്രമേഹം, അപസ്മാരം, രക്താതിമർദ്ദം, കുഷ്ഠം, സ്ത്രീകളിലെ രക്തമൂർച്ച, പുരുഷന്മാരിലെ വന്ധ്യത, കൈ കാൽ മുട്ടുകളിൽ വരുന്ന തേയ്മാനം എന്നിവയ്ക്ക് ഫലപ്രദമാണെന്നാണ് ആയുർവേദ മതം. ഏകദേശം 150 സെൻ്റീമീറ്ററോളം ഉയരത്തിൽ വളരുന്ന



ചെടി മുഴുവനായും രോമാവൃതമാണ്. പ്രധാനമായും വേരാണ് ഔഷധയോഗ്യമായ ഭാഗം. ഇലകൾ ദീർഘവൃത്താകാരവും നാല് ഇഞ്ചോളം വ്യാസവുമുള്ളതാണ്. ഈ ചെടിയുടെ പച്ച കലർന്ന മഞ്ഞ നിറത്തിലുള്ള പൂക്കൾ ചെറുതും പത്രകക്ഷങ്ങളിൽ നിന്ന് ഉണ്ടാവുന്നതുമാണ്. പ്രതിവർഷം ഏകദേശം 7000 ടൺ അശ്വഗന്ധയുടെ വേര് ആവശ്യമാണെന്നാണ് കണക്കെങ്കിലും ഉത്പാദനം 1500 ടൺ മാത്രമാണ്.

## കൃഷി രീതി

അമുക്കുരം കൃഷി ചെയ്യുന്നതിന് മഴ ലഭ്യത കുറവുള്ള ഡെക്കാൻ സമതല പ്രദേശങ്ങളിലെ വരണ്ട കാലാവസ്ഥ നിലനിൽക്കുന്ന ഇടങ്ങളാണ് ഉത്തമം. ഏകദേശം നാല് നാലര മാസത്തിനുള്ളിൽ വിളവെടുക്കാൻ പറ്റുന്ന ഈ ഔഷധ സസ്യത്തിന് അധികം ജലം ആവശ്യമില്ല. വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുമ്പോൾ തൈകൾ തമ്മിൽ ഏകദേശം 15 സെൻ്റീമീറ്റർ അകലം

ഉണ്ടാവുന്നതാണ് ഉത്തമം. മഴ ലഭ്യത 600-750 മില്ലി മീറ്ററും താപനില 14°C-42°C ഉം, അയഞ്ഞതും അല്പം ക്ഷാരാംശം (pH 7.5-8.0) ഉള്ളതുമായ കറുത്ത ലാറ്ററേറ്റ് മണ്ണാണ് ഈ കൃഷിക്ക് അനിയോജ്യം.

അശ്വഗന്ധ നടുന്നതിനായി നിലം രണ്ടു തവണ ഉഴുതു മറിക്കുന്നതിനോടൊപ്പം തന്നെ 10 - 20 ടൺ/ഏക്കർ എന്ന തോതിൽ ചാണകപ്പൊടി ചേർക്കാവുന്നതാണ്. ഒരു ഹെക്ടറിൽ കൃഷി ചെയ്യാൻ 15 കിലോ വിത്ത് ആവിശ്യമാണ്. ഒരു കിലോ വിത്തിൽ ഏകദേശം 3.50 മുതൽ 4.25 ലക്ഷം വിത്തുകൾ ഉണ്ടാവും. പാകിയ വിത്തിൽ എൺപതു ശതമാനത്തോളം മുളച്ചുവരുന്നതായി കാണാം. ബണ്ടുകൾ നിർമിച്ച് അതിൽ വിത്ത് പാകിയോ, നഴ്സറിയിൽ തയ്യാറാക്കിയ തൈകൾ നേരിട്ട് പറിച്ചു നട്ടും അമുക്കുരം കൃഷി ചെയ്യാവുന്നതാണ്. മുൻപ് പറഞ്ഞ പ്രദേശത്തിൽ ആഗസ്റ്റ് മാസത്തിലെ രണ്ടാമത്തെയോ മൂന്നാമത്തെയോ ആഴ്ച ആണ് വിത്ത് പാകാൻ അനിയോജ്യമായ സമയം. നല്ല മഴ ഉള്ള സമയമാണെങ്കിൽ സെപറ്റംബറിലേക്ക് മാറ്റി വെക്കാം. പറിച്ചു നടുന്ന രീതിയാണെങ്കിൽ ജൂൺ-ജൂലൈ മാസത്തിൽ നഴ്സറി തയ്യാറാക്കണം. അതിനായി 5 സെന്റിമീറ്റർ അകലത്തിൽ ഒന്ന് മുതൽ മൂന്ന് സെന്റിമീറ്റർ ആഴത്തിലായാണ് വിത്തുകളിടേണ്ടത്. ആവശ്യമെങ്കിൽ നേരിയ ജലസേചനം നടത്താവുന്നതാണ്. ആറു മുതൽ ഏഴ് ദിവസത്തിനുള്ളിൽ മുള വരുന്നതാണ്. ജൂലൈ-ഓഗസ്റ്റ് മാസത്തിൽ ഏകദേശം 6 ആഴ്ച പ്രായമായ തൈകൾ 15 സെന്റിമീറ്റർ അകലത്തിൽ പറിച്ചു നടാവുന്നതാണ്.

## വിള പരിപാലനം

ഒരു ഹെക്ടറിൽ ഏകദേശം 4 ലക്ഷം തൈകൾ നടാം. കളകളുടെ വളർച്ച കുറയ്ക്കുന്നതിനായി ഇലയോ മറ്റു ജൈവവസ്തുക്കളോ ഉപയോഗിച്ചു പൊത വയ്ക്കാവുന്നതാണ്. അമിതമായ ജലസേചനത്തിന്റെ ആവശ്യമില്ല. ചില സ്ഥലങ്ങളിൽ അശ്വഗന്ധയ്ക്കു കീടബാധയും രോഗബാധയും പ്രകടമാകാറുണ്ട്. അതിനു ജൈവ കീടനിയന്ത്രണ മാർഗങ്ങൾ (വേപ്പ്, ചെത്തിക്കൊടുവേലി, ഉമ്മം എന്നിവ ഉപയോഗിച്ച് തയ്യാറാക്കിയത്) ഉപയോഗിക്കാവുന്നതാണ്.



### വിളവെടുപ്പ്


തൈകൾ നട്ട് നാല് നാലര മാസം കഴിയുമ്പോൾ (ജനുവരി-ഫെബ്രുവരി) വിളവെടുപ്പിന് പാകമാകും. ഇതിൽ ഉണ്ടാകുന്ന കായകൾ പഴുക്കുമ്പോൾ കിഴങ്ങ് പറിച്ച് ഉണക്കി വിൽക്കാം. ഡിസംബർ മുതൽ ആണ് അശ്വഗന്ധ പൂവിടാനും കായ്ക്കുന്നതിനും തുടങ്ങുന്നത്. ഈ സമയം അടുത്ത സീസണിലേക്ക് ആവശ്യമായ വിത്ത് ശേഖരിച്ചു വെക്കാവുന്നതാണ്. വരണ്ട കാലാവ സ്ഥ-യിലാണ് അശ്വഗന്ധ വിളവെടുക്കേണ്ടത്. മുഴുവൻ ചെടിയും പിഴുതെടുത്താണ് വിളവെടുപ്പ് നടത്തുന്നത്.



കർണാടകയിലെ ഗഡഗിൽ വിളവെടുക്കാൻ പകമായ അമുക്കുരം (120 ദിവസം)

### വിപണനം

ഒരു ഹെക്ടർ ഭൂമിയിൽ നിന്ന് ശരാശരി 625–750 കിലോഗ്രാം അശ്വഗന്ധ വേരുകൾ (ഉണങ്ങിയത്) ലഭിക്കും. ഒരു ഹെക്ടറിന് 20,000 മുതൽ 25,000 രൂപ വരെ കൃഷിചെലവും, ശരാശരി 92,500 മുതൽ 1,12,500 രൂപ വരെ വരുമാനവും ലഭിക്കുന്നു. ശരാശരി 4.5 ബി:സി അനുപാതമുള്ള അശ്വഗന്ധ കൃഷി 5 മുതൽ 6 മാസം വരെയുള്ള വിള കാലയളവിൽ ഒരു ഹെക്ടറിന് 100 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നു.




**പ്രാദേശിക – പരിപോഷണ കേന്ദ്രം (ദക്ഷിണ മേഖല)**

പ്രാദേശിക -പരിപോഷണ കേന്ദ്രം (ദക്ഷിണ മേഖല), ദേശീയ ഔഷധ സസ്യ ബോർഡിൻറെ കീഴിൽ പ്രവർത്തിക്കുന്ന ഏഴ് പ്രാദേശിക-പരിപോഷണ കേന്ദ്രങ്ങളിൽ ഒന്നാണ്. ഇന്ത്യ ഗവണ്മെന്റിന്റെ ആയുഷ് മന്ത്രാലയത്തിന് കീഴിലാണ് ചണ്ടജആ പ്രവർത്തിക്കുന്നത്.

**Contact**
NMPB Regional-cum-Facilitation Centre
(Southern Region)
KSCSTE-Kerala Forest Research Institute
Peechi 680653, Thrissur District, Kerala, INDIA
Phone: +91 487 2690100; +91 8289995600
E-mail: rcfcsouthern@gmail.com
Website: www.rcfcsouthern.org